**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5269** **05-07-2024 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ സൗരോർജ്ജ വേലി സ്ഥാപിക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവിശല്യം മൂലമുള്ള വിളനാശം ലഘൂകരിക്കാൻ രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ സൗരോർജ്ജ വേലി സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | വന്യമൃഗങ്ങൾ കൃഷിയിടത്തിലേയ്ക്ക് പ്രവേശിക്കുന്നത് തടയുന്നതിന് അനുയോജ്യമായ സംവിധാനം സ്ഥാപിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വന്യമൃഗങ്ങളെ അകറ്റി നിർത്തുന്നതിന് ഓരോ പ്രദേശത്തിന് അനുയോജ്യമായതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യ പ്രയോഗിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആകെ 25 കോടി രൂപ വകയിരുത്തിയിട്ടുള്ള പദ്ധതിയിൽ 8 ജില്ലകൾ Detailed Project Report (DPR) സമർപ്പിക്കുകയും താഴെപ്പറയും പ്രകാരം തുക ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| **നം.** | **ജില്ല** | **ലഘൂകരണ നടപടികൾ** | **പരിധി** | **ദൂരം (കി.മീ)** | **അനുവദിച്ച തുക (ലക്ഷത്തിൽ)** |
|---|---|---|---|---|---|
| 1. | കൊല്ലം | ഹാങ്ങിങ് സോളാർ ഫെൻസിങ്, സോളാർ ഫെൻസിങ്, ആന കിടങ്ങുകൾ | കുളത്തുപ്പുഴ, തെന്മല, അഞ്ചൽ, ആര്യങ്കാവ്, പുനലൂർ, പത്തനാപുരം | 45.95 | 189.013 |
| 2. | ഇടുക്കി | ഹാങ്ങിങ് സോളാർ ഫെൻസിങ് | തേക്കടി, വള്ളക്കടവ്, എരുമേലി | 27 | 220 |
| 3. | വയനാട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | സൗത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവിസങ്കേത കേന്ദ്രം | 47.1 | 388 |
| 4. | കണ്ണൂർ | ഹാങ്ങിങ് സോളാർ ഫെൻസിങ് | അയ്യൻകുന്ന് ജി.പി., ഉള്ളിക്കൽ ജി.പി | 27.1 | 218.9 |
| 5. | കോഴിക്കോട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | ചീങ്കണ്ണിപ്പള്ളി, കരിങ്ങമല, തമ്പുരാൻകൊല്ലി, കല്ലമ്പള്ളി | 15.5 | 125 |
| 6. | കോട്ടയം | ഹാങ്ങിങ് സോളാർ ഫെൻസിങ്, ആന കിടങ്ങുകൾ | കോയിക്കൽകാവ്, മഞ്ഞളരുവി, മാൻപാടി | 30 | 190 |
| 7. | എറണാകുളം | ഹാങ്ങിങ് സോളാർ ഫെൻസിങ് | നേരിയമംഗലം, മുള്ളരിങ്ങാട് തുണ്ടം, കാലടി, കോടനാട് | 36.8 | 220 |
| 8. | തൃശ്ശൂർ | സോളാർ ഫെൻസിങ് | ചാലക്കുടി, വാഴച്ചാൽ, തൃശ്ശൂർ | 84.95 | 219.69853 |

| | | | |
|---|---|---|---|
| (ബി) | രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ സൗരോർജ്ജ വേലി സ്ഥാപിക്കുവാൻ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | വനപ്രദേശങ്ങളുമായി ചേർന്ന് കിടക്കുന്ന കൃഷിയിടങ്ങൾക്ക് പദ്ധതിയിൽ മുൻഗണന നൽകുന്നു. കൂടാതെ വന്യജീവി ശല്യം രൂക്ഷമായിട്ടുള്ള കൃഷിഭൂമികളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്നും പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ പ്രദേശങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിക്കായി ആർ.കെ.വി.വൈ. യിൽ ഉൾപ്പെടുത്തി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ഉളിക്കൽ, അയ്യൻകുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | കൂത്തുപറമ്പ് മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ വന്യജീവിശല്യം രൂക്ഷമായ പ്രദേശങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഇല്ല. കൂത്തുപറമ്പ് മണ്ഡലത്തിലെ കൃഷിഭവനുകളിൽ നിന്നും നിലവിൽ പ്രോജക്റ്റുകൾ ഒന്നും ലഭിച്ചിട്ടില്ല. Detailed Project Report (DPR) സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ